# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1862/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1862/23 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു റിയാസുദ്ദീൻ.എസ് | ജോയിന്റ് ഡയറക്ടർ | 04-12-2023 | 11-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 11-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രബിത.ടി.പി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ദിശ.ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.വിനിത.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.പി.വനജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ദേവികരാജ് ടി.ആർ. | സെക്രട്ടറി | 01-04-2022 | 05-12-2022 |
| ശ്രീ. സുജീന്ദ്രൻ.പി.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 02-01-2023 |
| ശ്രീമതി.ദേവികരാജ് ടി.ആർ. | സെക്രട്ടറി | 03-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശരത്ത്.പി.ഡി.ഇ. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡോ.പ്രസന്ന കുമാരി എസ്.എൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 30-04-2022 |
| ശ്രീമതി.ഡോ.ഇന്ദിര കെ.ടി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-05-2022 | 31-03-2023 |
| ശ്രീ.അനി ടി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീല.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 01-04-2022 | 15-09-2022 |
| ശ്രീ.അബ്ദുൾ റനീഷ്, | .അസിസ്റ്റന്റ് എഞ്ചിനീയർ | 16-09-2022 | 26-11-2022 |
| ശ്രീമതി.ജോളി കെ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 27-11-2022 | 31-12-2022 |
| ശ്രീമതി അനർഘ.എം.പി. | അസിസ്റ്റന്റ് എഞ്ചിനീയർ (കോൺട്രാക്ട് ബേസിസ്) | 01-01-2023 | 31-03-2023 |
| ശ്രീമതി.സുമറാണി.പി. | കൃഷി അസിസ്ററന്റ് ഡയറക്ടർ | 01-04-2022 | 16-04-2022 |
| ശ്രീമതി.അശ്വതി .സി.എൻ.ഇളങ്കമൺ | കൃഷി അസിസ്ററന്റ് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്) | 17-04-2022 | 25-04-2022 |
| ശ്രീമതി.സുമറാണി.പി. | കൃഷി അസിസ്ററന്റ് ഡയറക്ടർ | 26-04-2022 | 05-05-2022 |
| ശ്രീമതി.ശ്രീജ. പി | കൃഷി അസിസ്ററന്റ് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്) | 06-05-2022 | 05-06-2022 |
| ശ്രീമതി.സുമറാണി.പി. | കൃഷി അസിസ്ററന്റ് ഡയറക്ടർ | 06-06-2022 | 06-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി.അശ്വതി .സി.എൻ.ഇളങ്കമൺ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്) | 07-09-2022 | 18-09-2022 |
| ശ്രീമതി.സുമറാണി.പി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 19-09-2022 | 13-01-2023 |
| ശ്രീമതി.സജീറ സി.ചാത്തോത്ത് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്) | 14-01-2023 | 26-01-2023 |
| ശ്രീമതി.സുമറാണി.പി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 27-01-2023 | 31-03-2023 |
| ശ്രീ.ഡോ.ശശീന്ദ്രൻ പി.കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 04-02-2023 |
| ശ്രീ.ഡോ.റോഷിൻ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 05-02-2023 | 31-03-2023 |
| ശ്രീ.ജയപ്രകാശ്.പി.കെ. | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റിജുല.എ | ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീ.മുഹമ്മദ് നവാസ് പി | ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീമതി.സുനിഷ ഇ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അഞ്ജന.എം.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 01-04-2022 | 01-11-2022 |
| ശ്രീമതി.റംലത്ത്.കെ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 02-11-2022 | 25-12-2022 |
| ശ്രീമതി.പുഷ്പലത.പി | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 26-12-2022 | 18-01-2023 |
| ശ്രീമതി.അനിത.കെ.എം | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 19-01-2023 | 27-02-2023 |
| ശ്രീമതി ഗീത എം.ജി | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 28-02-2023 | 31-03-2023 |
| ശ്രീമതി.ഡോ.ജമീല | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്ററർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ലോൺ രജിസ്ററർ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-6 |
| 8 | എ.സി.ആറിലെയും വാർഷികകണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വികസനഫണ്ട് ജനറൽ–എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | മുന്നിരിപ്പ്-പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല | 1-6 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 17 | രശീതി സൂക്ഷിപ്പിലെ അപാകതകൾ | 1-8 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-9 |
| 19 | പദ്ധതികളുടെ ആസൂത്രണം സമഗ്രമല്ല. | 1-10 |
| 20 | ടെണ്ടർ ഫീ ഇനത്തിലെ തുകകൾ വരവ് വയ്ക്കുന്നില്ല | 1-11 |
| 21 | കുടിവെള്ളപദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല | 1-12 |
| 22 | വനിതാ ഘടകപദ്ധതി രൂപീകരണത്തിലെ അപാകതകൾ | 1-13 |
| 23 | മേഖലാ ചുമതല ലംഘിച്ച് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ | 1-14 |
| 24 | സാക്ഷരത തുല്യത പരീക്ഷ – ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളുമായി ആവർത്തനം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നില്ല | 1-15 |
| 25 | എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തിയാകാത്തതും വാലേഷൻ ഇല്ലാത്തതും | 1-16 |
| 26 | കാലിത്തീറ്റ സബ്സിഡി-അപാകതകൾ | 1-17 |
| 27 | ഐ.എ.വൈ ലോൺ തിരിച്ചടവ് - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-18 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | മേഖലാ ചുമതല ലംഘിച്ച് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ | 3-1 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തൂണേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01.07.2023 ലെ 4/1 തീരുമാനം പ്രകാരം തയ്യാറാക്കി 03/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും

അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1–1–1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 62 എഫ് പ്രകാരം വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

### 1–1–2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ തിരിച്ചു പിടിക്കാൻ 21,32,868 രൂപ ബാക്കിയുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 18,26,497 രൂപയാണ് അഡ്വാൻസ് ഇനത്തിൽ തിരിച്ചുപിടിക്കുവാനുള്ളത് .അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-4 ഡെപ്പോസിറ്റ് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 6,49,971 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകുവാനുണ്ട്. എന്നാൽ സ്ഥാപനം ഡെപ്പോസിറ്റ് രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**1-1-5 ലോൺ രജിസ്ററർ സൂക്ഷിച്ചിട്ടില്ല**

വാർഷിക കണക്ക് ഷെഡ്യൂൾ RP 32 പ്രകാരം ലോൺ ഇനത്തിൽ 338316/-രൂപ തൻ വർഷം അടച്ചിട്ടുണ്ട്. തൻ വർഷം സെക്രട്ടറിയുടെ പ്രോജക്റ്റ് പ്രകാരം പലിശയുൾപ്പടെ 469842/-രൂപ ഐ.എ.വൈ ലോൺ ഇനത്തിലും തിരിച്ചടച്ചിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലോൺ രജിസ്ററർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-6 പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല**

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ ഷെഡ്യൂൾ B17ൽ ഉൾപ്പെടുത്തിയിട്ടില്ല,പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല .

1.KGB 40134100103724-MPLAD&MLASDF (31.03.23 ലെ നീക്കിയിരിപ്പ് 47,153 രൂപ)

2.KGB 40134101053346 MPLAD (31.03.23 ലെ നീക്കിയിരിപ്പ് 541രൂപ)

3.KGB 40134111000043 IWMP (31.03.23 ലെ നീക്കിയിരിപ്പ് 34,45,900രൂപ)

**1-1-7 എ.സി.ആറിലെയും വാർഷികകണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.**

ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യഗ്രാന്റ് എന്നീ ഇനങ്ങളിൽ PFMS മുഖേന ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് എ.സിആറിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | എ.സി.ആർ.പ്രകാരം നീക്കിയിരിപ്പ് | വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം | 3,37,357 | 5,73,203 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 64,50,904 | 62,46,025 |

**1-1-8 വികസനഫണ്ട് ജനറൽ-എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല**

വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ എ.സി.ആർ പ്രകാരമുള്ള ചെലവ് 27719126 രൂപയാണ്,എന്നാൽ വാർഷികകണക്ക് പ്രകാരമുള്ള ചെലവ് 27480299 രൂപയാണ്.

**1-1-9 മുന്നിരിപ്-പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് മുൻ വർഷത്തെ നീക്കിയിരിപ്പിനേക്കാളും 22 രൂപയുടെ

വ്യത്യാസം കാണിക്കുന്നു.

## 1-2 ബജറ്റ്

ളുണേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 1 )ം നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 21.03.2023 തീയതിയിലെ 1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പരിഷ്കരിച്ച ബജറ്റ് പ്രകാരം |
|---|---|---|
| മുൻബാക്കി | 4737022 | 8766661 |
| വരവ് | 1435476750 | 1492293976 |
| ആകെ | 1440213772 | 1501060637 |
| ചെലവ് | 1436171367 | 1494468884 |
| നീക്കിയിരിപ്പ് | 4042405 | 6591753 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13364218.50 |
| വരവ് | 94028628.50 |
| ആകെ | 107392847 |
| ചെലവ് | 96153049.50 |
| നീക്കിയിരിപ്പ് | 1,12,39,797.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 30775400 | 30775400 | 27699126 | 3076274 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2315600 | 2315600 | 2315586 | 14 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1198000 | 1198000 | 1198000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8694300 | 8694300 | 7189000 | 1505300 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 1525573 | 5330269 | 6855842 | 6518485 | 337357 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 201006 | 201006 | 2243 | 198763 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 5168526 | 7483000 | 12651526 | 6200622 | 6450904 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury | 0 | 2984280 | 2984280 | 2399643 | 584637 |

(കുറിപ്പ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 വർഷത്തെ മുന്നിരിപ്പ് മുൻ വർഷത്തെ നീക്കിയിരിപ്പിനേക്കാളും 22 രൂപയുടെ വ്യത്യാസം കാണിക്കുന്നു )

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 105610115 | 118 | 8 | 65354170 | 22 | 79.73 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പമെന്റ് പ്രോജക്ട് ഓഫീസർ | 9 | 9 | 4342096 | 3923032 | 90.35 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5 | 4 | 1247200 | 1182400 | 94.80 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 7 | 7 | 3298528 | 3087227 | 93.59 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 5 | 5 | 3123700 | 2992880 | 95.81 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 10 | 8 | 3208689 | 2080333 | 64.83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ (ഡയറി ഫാം ഇൻസ്ട്രക്ടർ) | 3 | 3 | 2220000 | 2018522 | 90.92 |
| അസിസ്റ്റന്റ് | 1 | 0 | 6000000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 57 | 41694221 | 25387684 | 60.89 |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 10427500 | 2917500 | 27.98 |
| ജനറൽഎക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2134000 | 2123000 | 99.48 |
| ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 | 29 | 27914181 | 19641592 | 70.36 |
| ആകെ | 148 | 126 | 132135915 | 100995057 | 76.47 |

## 1-6 ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല

വിവിധ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. 2012 ലെ ഓഫീസ് ഉത്തരവിനു ശേഷം ബ്ളോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയതായി കാണുന്നില്ല. ബ്ലോക്ക് ഓഫീസിനെ സംബന്ധിച്ച ഓരോ അധിക ജോലികളും നിലവിലെ ഓരോ സെക്ഷനുകൾക്കും അധിക ചുമതല നൽകുകയാണ് ചെയ്തു വരുന്നത്. സാമ്പത്തിക വർഷം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുമ്പോൾ 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിലുള്ള സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഓരോന്നിന്റെയും എ.എം.സി കഴിയുന്നത് കൃത്യമായി പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. (തൻവർഷം എ.എം.സി.ക്ക് പ്രൊജക്ട് രൂപീകരിച്ചിട്ടില്ല.) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷം വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. രശീത് ബുക്ക്, സാംഖ്യ സ്റ്റേഷനറി എന്നിവയുടെ കൈകാര്യം കാര്യക്ഷമമല്ല. രശീത് ബുക്കിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ കൃത്യമല്ല. വിശദാംശങ്ങൾക്കായി ഖ-(1-8) കാണുക. ബ്ലോക്ക് പഞ്ചായത്തിൽ ബയോമെട്രിക് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തുന്നതിനായി കെൽട്രോണിന് മുൻകൂർ തുക അനുവദിച്ചെങ്കിലും നടപടികൾ പൂർത്തിയായിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 രശീതി സൂക്ഷിപ്പിലെ അപാകതകൾ

1.സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന മാന്വൽ രശീതികൾ, സാംഖ്യ രശീതികൾ എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കുന്നില്ല.

2.പണം സ്വീകരിക്കുന്നതിന് സാംഖ്യ രശീതികൾ നൽകാൻ കഴിയാതെ വരുമ്പോൾ Interrupted Receipt നൽകേണ്ടതാണ്. എന്നാൽ അതിനു പകരം സ്ഥാപനത്തിൽ സാംഖ്യരശീതികളിൽ മാന്വലായി എഴുതി നൽകിയതായി കാണുന്നു.

| തിയ്യതി | തുക | സ്റ്റേഷനറി നം. |
|---|---|---|
| 29.03.23 | 750 | 0055095 |

3.രസീത് നമ്പർ ഇല്ലാതെ സാംഖ്യ രശീതി നൽകി.

| തിയ്യതി | തുക | സ്റ്റേഷനറി നം. |
|---|---|---|
| 08.03.23 | 66750 | 0055094 |

4. രശീതികൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഡേ ബുക്ക് പ്രകാരം വരവു വന്ന താഴെ പറയുന്ന തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ സ്വീകരിച്ചതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അടവാക്കിയ തീയതി | അടവാക്കിയ തുക | വിവരണം |
|---|---|---|---|
| 1 | 19.04.2022 | 19,936 | - |
| 2 | 13.07.2022 | 8,288 | Amount Received From Contractors |
| 3 | 12.09.2022 | 40,120 | Ramu,scrap Merchant |
| 4 | 10.03.2023 | 3,000 | Sale Of Stores,scrap Etc |

ബ്ലോക്ക് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഇപ്പോൾ ഉപയോഗിക്കുന്ന രശീതി ബുക്ക് നം.11(ബുക്ക് നമ്പർ മാന്വലായി രേഖപ്പെടുത്തിയത് ) 07.11.2019 മുതൽ ഉപയോഗിച്ചുവരുന്നതാണ്. സാമ്പത്തിക വർഷം കഴിയുമ്പോൾ ഉപയോഗിച്ച രശീതിബുക്കുകൾ ക്ലോസ് ചെയ്ത് ബ്ലോക്ക് പഞ്ചായത്തിൽ തിരികെ നൽകുകയോ അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ രശീതി ബുക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 20 (2)(c) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രശീതികൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയതും ആയതിന്റെ അസ്സൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ വ്യക്തിക്ക് നൽകേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന രശീതികളുടെ ഡ്യൂപ്ലിക്കേറ്റ് രശീതി രശീത് ബുക്കിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. രശീതി ബുക്ക് നം.11-രശീതിനം. 63,64,65 കൂടാതെ മേൽപ്പറഞ്ഞ രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

രശീതി ബുക്ക് നം.11- രശീതിനം. 43 ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ യാണ് എഴുതിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

### 1. പദ്ധതികളുടെ ബാഹുല്യം - ചെലവ് ശതമാനം കുറയുന്നു

2022-23 ൽ ആകെ 72 പദ്ധതികളാണ് നടപ്പിലാക്കാനായി അംഗീകാരം ലഭിച്ചത്. ഇതിൽ ഭൂരിഭാഗം പ്രവൃത്തികളും ചെറിയ അടങ്കലിൽ തയ്യാറാക്കിയതാണ്. 72 പദ്ധതികളിൽ നടപ്പിലാക്കിയത് 57 എണ്ണമാണ്. 41694221 രൂപ ആകെ ഫണ്ട് വകയിരുത്തിയതിൽ 25387684 രൂപയാണ് ചെലവ്

വന്നിട്ടുള്ളത് അതുകൊണ്ട് തന്നെ ചെലവ് ശതമാനം 60.89% മാത്രമാണെന്ന് കാണുന്നു. പദ്ധതികൾ സമഗ്രമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ ബ്ളോക്ക് പഞ്ചായത്തിനു വീഴ്ചയുണ്ടായതായി കാണുന്നു

2.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ പല പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചോ യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും പദ്ധതികൾ നടപ്പിലാക്കുന്നതും എന്നത് വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

**1-10 പദ്ധതികളുടെ ആസൂത്രണം സമഗ്രമല്ല.**

2022-23 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ അസി .എഞ്ചിനീയറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഒരേ പദ്ധതികൾക്ക് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കിയതായി കാണുന്നു . ഒരുദാഹരണം ചുവടെ ചേർക്കുന്നു

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 6/22-23. 184ആം നമ്പർ അംഗൻവാടി പൂർത്തീകരണം | 500000 | 400000 | ഇലക്ട്രിഫിക്കേഷൻ, ചുറ്റുമതിൽ നിർമ്മാണം മുതലായവ |
| 68/22-23. 184ആം നമ്പർ അംഗൻവാടി പൂർത്തീകരണം | 452702 | 443250 | അംഗൻവാടി കെട്ടിടനിർമ്മാണം |

ഇപ്രകാരം ഒരേ ആവശ്യത്തിനായി രണ്ട് പദ്ധതികൾ രൂപീകരിക്കുന്നത് വഴി പദ്ധതിയുടെ ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾക്കായി സാധന സാമഗ്രികളും, മെഷീനറികളും സൈറ്റിൽ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമായതിനാൽ, ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയാൻ സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാമായിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-11 ടെണ്ടർ ഫീ ഇനത്തിലെ തുകകൾ വരവ് വയ്ക്കുന്നില്ല

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ആയതുമായി ബന്ധപ്പെട്ട ടെണ്ടർ ഫീയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 30.9.22 വരെയുള്ള വരവ് ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതായി കാണുന്നു(142246) .ശേഷിക്കുന്ന മാസങ്ങളിലെ തുകകൾ ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല . 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 കുടിവെള്ളപദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല

തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ 22-23 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പാതി നിർമ്മാണം പൂർത്തിയായ അവസ്ഥയിലാണെന്നു കാണുന്നു .വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | എഗ്രിമെന്റ് തിയ്യതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പുതിയോട്ടിൽ താഴെ പൊയിൽ കുടിവെള്ളപദ്ധതി | 28 .1.22 | കിണർ, പമ്പ് ഹൗസ് |
| 2 | എരിഞ്ഞിബാട്ടുതാഴം കുടിവെള്ള പദ്ധതി | 17.12.21 | കിണർ, പമ്പ്ഹൗസ് |
| 3 | കോളിപ്പാറ കുടിവെള്ള പദ്ധതി | 14.3.22 | കിണർ,പമ്പ് ഹൗസ് |
| 4 | പൂങ്കുളം കുടിവെള്ളപദ്ധതി | 5.1.22 | പമ്പ് ഹൗസ് , വാട്ടർ ടാങ്ക് |
| 5 | തച്ചർകണ്ടി കുടിവെള്ള പദ്ധതി | 17.2.22 | കിണർ,പമ്പ്ഹൗസ്, പമ്പിംഗ് ലൈൻ |
| 6 | നാദാപുരം ആശുപത്രി കുടിവെള്ള പദ്ധതി | 17.3.23 | കിണർ ,പമ്പ്ഹൗസ് |

കുടിവെള്ള പദ്ധതികൾ ഭാഗികമായി തയ്യാറാക്കുന്നതിനാലാണ് പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിക്കാത്തത്. മിക്ക പദ്ധതികളും മേൽ സൂചിപ്പിച്ച പ്രകാരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണുള്ളത്. സ.ഉ (കൈ) നം 84/2022 തസ്വഭവ തി.19.4.22പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 8.1 (25) ൽ എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രൊജക്ടിൽ ഉൾപ്പെടുത്തണമെന്നും, കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നും പ്രൊജക്ടിൽ വ്യവസ്ഥ

ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവിൽ നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. അപാകതകൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 വനിതാ ഘടകപദ്ധതി രൂപീകരണത്തിലെ അപാകതകൾ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 22-23വർഷത്തിൽ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ എ.ഡി.എ നിർവഹണഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 214 പുരയിടകൃഷി വികസനം (വനിത ഗ്രൂപ്പ്) | (483000/-വികസനഫണ്ട് ജനറൽ+40250 മറ്റുള്ളവ ) = 523250/- | 523250/- |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ (കൈ)നം84/2022/തസ്വഭവ.തീ.19.4.22 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്,സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. ജനറൽ പ്രോജക്ടുകളായി നടത്തേണ്ട കൃഷിമേഖലയിൽ നൽകുന്ന സബ്സിഡി, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും വരും വർഷങ്ങളിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വനിതാ ഘടക പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നടത്തി അറിയിക്കേണ്ടതുമാണ്.

## 1-14 മേഖലാ ചുമതല ലംഘിച്ച് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ

നിർവ്വഹണം സി.ഡി.പി.ഒ

തൻ വർഷം സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി സ്കൂളുകളിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I) പ്രൊജക്ട് നമ്പർ 53/22-23 (**സ്കൂളുകളിൽ**)

ചെലവു തുക 3,56,317(ബിൽ നമ്പർ 427/28.03.23)

1,94,712 (ബിൽ നമ്പർ 431/28.03.23)

==========

ആകെ 5,51,029

സർക്കാർ/എയിഡഡ് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം റെയ്ഡ്കോയിൽ നിന്നും 11 യൂണിറ്റ് നാപ്കിൻ ബേണിങ് മെഷീനുകൾ ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 32,392.45/- രൂപ നിരക്കിൽ ആകെ 356317/- രൂപയും: കേരള വനിതാ വികസന കോർപ്പറേഷനിൽ നിന്നും 07 യൂണിറ്റുകൾ ഒരു യൂണിറ്റിന് 27,816/- നിരക്കിൽ 1,97,412/- രൂപയും ആകെ 18 എണ്ണം വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.4.6 പ്രകാരം ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.

2. ഓഡിറ്റിന്റെ ഭാഗമായി മെഷീൻ സ്ഥാപിച്ച എം.ഐ.എം. ഹയർസെക്കന്ററി സ്കൂൾ,പേരോട് സന്ദർശിച്ചതിൽ സ്കൂൾ അവധിയായതിനാൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിച്ചു കാണാനായില്ല. എന്നാൽ ഒരേ തരത്തിലുള്ള രണ്ട് ഇൻസിനറേറ്റർ സ്ഥാപിച്ചതായി കണ്ടു. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചത് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. തുടർന്ന് സ്കൂളിലെ അധ്യാപികയുമായി നേരിട്ട് ഫോണിൽ ബന്ധപ്പെട്ടതിൽ, ഇൻസിനറേറ്റർ ഇതുവരെ പ്രവർത്തിപ്പിക്കാനായിട്ടില്ല എന്നറിയിച്ചു.

3. സ്ഥാപനവുമായി(റെയ്ഡ്കോ) ചമച്ച എഗ്രിമെന്റിൽ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മെഷീനുകളുടെ വാറന്റി സംബന്ധിച്ചോ മെയിന്റനൻസ് സംബന്ധിച്ചോ ഉള്ള വ്യവസ്ഥകൾ പരാമർശിച്ചിട്ടില്ല. കേരള വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടില്ല. മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കണം എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

4. ഇൻസിനറേറ്ററുകളുടെ വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ രൂപീകരിച്ചിട്ടില്ല. 06.10.22 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിങ്ങിൽ ഗവ.അംഗീകൃത അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങുന്നതിന് തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി വാങ്ങിയതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

5. യു.പി സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും (വളയം ഗ്രാമപഞ്ചായത്ത് ഒഴികെ) പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ജില്ലാപഞ്ചായത്തിനോട് അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും അനുമതി നൽകിയതായി കാണുന്നില്ല.

6. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.ടി.എയുമായി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ് എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

ll) പ്രൊജക്റ്റ് നമ്പർ 107/22-23 (**ഘടക സ്ഥാപനങ്ങളിൽ**)

ചെലവ് തുക 2,76,277(ബിൽ നമ്പർ 428/28.03.23)

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയിൽ നിന്നും 3 യൂണിറ്റുകൾ , ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 32,392.45/- രൂപ നിരക്കിൽ 97177.24/- രൂപയും, 6 യൂണിറ്റുകൾ , ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 29849.83/- രൂപ നിരക്കിൽ 1,79,099/- രൂപയും ഉൾപ്പടെ 9 എണ്ണം 2,76,277/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഇതിൽ ഓഡിറ്റിന്റെ ഭാഗമായി 07.12.23 ന് നടത്തിയ നേരിട്ടുള്ള പരിശോധനയിൽ, ഇരിങ്ങണ്ണൂർ സാനിട്ടറി മാർട്ടിന് (ടേക്ക് എ ബ്രേക്ക്) അനുവദിച്ച മെഷീൻ , ഉപയോഗിക്കാത്ത കെട്ടിടത്തിൽ ഫിറ്റ് ചെയ്തതായി കണ്ടു. മെഷീന് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വളയം സി.എച്ച്.സി.ക്ക് നൽകിയ മെഷീൻ കണക്ട് ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത പൊട്ടിപൊളിഞ്ഞ ടോയ്‌ലറ്റിലാണ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. വാങ്ങിയ 9 യൂണിറ്റുകളിൽ അന്വേഷണം നടത്തിയ മൂന്നും ഉപയോഗിക്കാത്ത അവസ്ഥയിലാണ്. റെയിഡ്കോയുമായി എഗ്രിമെന്റ് വെയ്ക്കുകയോ എ.എം.സി വെയ്ക്കുകയോ ചെയ്തിട്ടില്ല. രണ്ട് പ്രൊജക്റ്റുകൾക്കും (സ്കൂളുകളിലും ഘടക സ്ഥാപനങ്ങളിലും) തുക ചെലവഴിച്ചതല്ലാതെ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. മെഷീനുകൾ വാങ്ങി സ്ഥാപിച്ചതല്ലാതെ ഉപയോഗപ്പെടുത്തുന്നുണ്ടോ/ ഉപയോഗക്ഷമമാണോ എന്ന പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥയും തുടർ മോണിറ്ററിങ് ഉറപ്പുവരുത്തേണ്ട കമ്മിറ്റി, കമ്മിറ്റിയുടെ ഉത്തരവാദിത്തവും നിറവേറ്റിയിട്ടില്ല. ജില്ലാപഞ്ചായത്ത് ഇതേ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാൽ ഇത്തരം പദ്ധതികൾ ആവർത്തനം ആകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുമില്ല. (എം.ഐ.എം. ഹയർസെക്കന്ററി സ്കൂൾ, പേരോട് എന്ന സ്ഥാപനത്തിന് ഒരു മെഷീനാണ് ഫയൽ പ്രകാരം അനുവദിച്ചതായി കാണുന്നത്. എന്നാൽ പരിശോധനയിൽ രണ്ടെണ്ണം കാണാൻ കഴിഞ്ഞു.) ഒരേ സമയം 25മുതൽ 30 വരെ നാപ്കിനുകൾ ബേൺ ചെയ്യുന്ന മെഷീൻ ഒന്നിന് 29849/-രൂപ നിരക്കിലാണ് 6 എണ്ണം റെയ്ഡ്കോയിൽ നിന്നും വാങ്ങിയത്. എന്നാൽ പ്രോജക്റ്റ് നം. 53/23പ്രകാരം ഇതേ മെഷീൻ 27816/-രൂപ നിരക്കിലാണ് വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങിയത്. ആയതിനാൽ 12198/-രൂപ (29849-27816=2033X6) ഈ ഇനത്തിൽ അധികം ചെലവായിട്ടുണ്ട്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരിക ഈടാക്കേണ്ടതാണ്. ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മാത്രം ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 14/ 22-23 തിയിതി 08.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച മുഴുവൻ യൂണിറ്റുകളും നേരിൽ പരിശോധിച്ച് പ്രവർത്തന ക്ഷമമാണെന്നും ഉപയോഗപ്പെടുത്തുന്നു എന്നും ഉറപ്പ് വരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 815108/- രൂപ (551029+264079)(നിരാകരിച്ച 12198/-രൂപ ഒഴികെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-15 സാക്ഷരത തുല്യത പരീക്ഷ - ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളുമായി ആവർത്തനം ഇല്ലെന്ന് ഉറപ്പു വരുത്തുന്നില്ല**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 86/22-23 |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് തുക | 1,43,750 (വികസനഫണ്ട്. ജനറൽ) |
| ബിൽ സാങ്ഷൻ നമ്പർ/തിയതി | 72/17.09.22 |

ബ്ലോക്ക് പഞ്ചായത്തിലെ നോഡൽ പ്രേരക് ലഭ്യമാക്കിയ തുല്യതാ പഠിതാക്കളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷയ്ക്ക് 36 പഠിതാക്കൾക്കും പത്താം തരം തുല്യതാ

പരീക്ഷയ്ക്ക് 39 പഠിതാക്കൾക്കും ആയി 1,43,750/- രൂപ സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ അതാത് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കാതെ സാക്ഷരതാ പ്രേരകിന്റെ ലിസ്റ്റിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചതായാണ് കാണുന്നത്. മാത്രമല്ല, ഇതേ പ്രൊജക്ട് ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്നതിനാൽ ആവർത്തനം ഒഴിവാക്കുന്നതിനായി മേൽ ഗുണഭോക്താക്കൾക്കുള്ള വിഹിതം ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 12/22-23 തിയതി 08.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണവും ഫീസ് അടവാക്കിയ എല്ലാ പഠിതാക്കളും പരീക്ഷയിൽ പങ്കെടുത്തു എന്ന വിശദാംശവും ലഭ്യമാക്കുന്നതു വരെ ചെലവു തുക 1,43,750/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-16 എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തിയാകാത്തതും വാലേഷൻ ഇല്ലാത്തതും**

നിർവ്വഹണം ജി.ഇ.ഒ

**എസ്.സി വിഭാഗം**

പ്രൊജക്ട് നമ്പർ 89

| ബിൽ സാങ്ഷൻ നമ്പർ | ചെലവു തുക |
|---|---|
| 173/20.0123 | 1,00,000 |
| 178/23.0123 | 1,00,000 |
| 205/03.0223 | 1,00,000 |
| 276/27.02.23 | 1,00,000 |
| 293/04.03.23 | 1,00,000 |
| 315/15.03.23 | 3,00,000 |
| 415/28.03.23 | 1,50,000 |
| 416/128.03.23 | 16,000 |
| 444/31.03.23 | 2,50,000 |
| 446/31.03.23 | 45,000 |
| ആകെ | 12,61,000 |

**എസ്.ടി.വിഭാഗം**

പ്രൊജക്ട് നമ്പർ 108

| ബിൽ സാങ്ഷൻ നമ്പർ | ചെലവു തുക |
|---|---|
| 174/20.0123 | 50,000 |

| | |
|---|---|
| 177/23.0123 | 1,50,000 |
| 235/10.02.23 | 50,000 |
| 266/23.02.23 | 1,50,000 |
| 277/27.02.23 | 1,50,000 |
| 316/15.03.23 | 75,000 |
| 348/20.03.23 | 50,000 |
| 417/28.03.23 | 53,000 |
| 446/31.03.23 | 1,34,000 |
| ആകെ | 8,62,000 |

തൻ വർഷം പഠന മുറി നിർമ്മാണത്തിനായി എസ്.സി, എസ്.ടി വിഭാഗത്തിലായി യഥാക്രമം 9 ഉം, 5 ഉം ഗുണഭോക്താക്കൾക്കായി പ്രൊജക്ട് ആവിഷ്കരിച്ച് തുക ചെലവഴിച്ചെങ്കിലും എസ്.സി ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എസ്.ടി വിഭാഗത്തിൽ ആരും തന്നെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 07.02.13 അനുസരിച്ച് മുൻകൂർ തുക അനുവദിച്ചതിനു ശേഷമുള്ള 75,000/ വീതമുള്ള രണ്ടു ഗഡുക്കൾ എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരമാണ് അനുവദിക്കേണ്ടതെങ്കിലും മൂന്ന് ഗഡുക്കൾ വരെ വിതരണം ചെയ്ത കേസിലും വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. (പൂർണ്ണമായും തുക അനുവദിച്ചതും വാല്വേഷൻ അടിസ്ഥാനമാക്കിയല്ല.) അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 12/22-23 തിയതി 08.12.23) മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 21,23,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 കാലിത്തീറ്റ സബ്സിഡി-അപാകതകൾ

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| പദ്ധതി നമ്പർ | 110/23 | |
| പദ്ധതിയുടെ പേര് | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | |
| അടങ്കൽ (രൂപ) | 4,00,000 | |
| ചെലവ് (രൂപ) | 2,00,000 | |
| ബിൽ നമ്പർ/ തീയതി | തുക (രൂപ) | ക്ഷീര സഹകരണ സംഘം |
| BRN: 22170352016901169297/ 09.02.2023 | 50,000/- | കായപനച്ചി-15000 കച്ചേരി-35000 |
| BRN: 22170552017000894340/12.12.22 | 1,50,000/- | നരിക്കാട്ടേരി |
| ആകെ | 2,00,000 | |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്.

14ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം [6.3ൽ 16 (3,4)] സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാവുന്നതും

വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് നിർവഹണ ഉദ്യോഗസ്ഥന്, ക്ഷീര സഹകരണ സംഘങ്ങൾക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്. ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാവുന്നതാണ്. കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ സഹകരണസംഘങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ വിലയുടെ 50% സഹകരണസംഘങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. നരിക്കാട്ടേരി സഹകരണസംഘം ഹാജരാക്കിയ ഇൻവോയിസ് പ്രകാരം (കേരള ഫീഡ്സ്-KFLPI-22-23-033441/03.11.22)സംഘം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റ 1375 രൂപയ്ക്കാണ് വാങ്ങിയത് .അതു പ്രകാരം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റ 1375രൂപ എന്ന നിരക്കിലാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ നരിക്കാട്ടേരി സഹകരണ സംഘം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റ 1495 രൂപ നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. കച്ചേരി സഹകരണസംഘം മിൽമയിൽ നിന്നും 1300രൂപയ്ക്കാണ് ഒരു ചാക്ക് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത് (ഇൻവോയിസ് .100400013655/10.12.23)എന്നാൽ വിതരണം ചെയ്തിട്ടുള്ളത് 1400 രൂപ നിരക്കിലാണ്. സംഘങ്ങൾ കാലിത്തീറ്റ വാങ്ങിയ വില കണക്കാക്കിയാൽ നരിക്കാട്ടേരി സഹകരണ സംഘത്തിന് ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1375രൂപയ്ക്കും കച്ചേരി സഹകരണസംഘത്തിന് ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 1300രൂപ നിരക്കിലും ആണ് സബ്സിഡി നൽകേണ്ടിയിരുന്നത്. എന്നാൽ നരിക്കാട്ടേരി സഹകരണ സംഘത്തിന് ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1495രൂപയ്ക്കും കച്ചേരി സഹകരണസംഘത്തിന് ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 1400രൂപ നിരക്കിലും ആണ് ഡയറി ഫാം ഇൻസ്ട്രക്ടർ സബ്സിഡി നല്കിയിട്ടുള്ളത്.വിശദാംശം താഴെ കൊടുക്കുന്നു.

| സഹകരണ സംഘം | വിതരണം ചെയ്ത ചാക്കുകളുടെ എണ്ണം | വിതരണം ചെയ്യേണ്ട വില | വിതരണം ചെയ്ത വില | കർഷകർ അധിക മായി നൽകിയ വില | അധികമായി നൽകിയ സബ്സിഡി 50% |
|---|---|---|---|---|---|
| നരിക്കാട്ടേരി സഹകരണസംഘം | 202 | 202x1375 =277750 | 202x1495= 301990 | 24240 | 12120 |
| കച്ചേരി സഹകരണസംഘം | 50 | 50x1300= 65000 | 50x1400 =70000 | 5000 | 2500 |
| | | | | ആകെ | 14620 |

( കായപനച്ചി ക്ഷീര സഹകരണ സംഘം ഒരു ചാക്കിന് 1420 രൂപ നിരക്കിൽ മിൽമയിൽ നിന്നും കാലിത്തീറ്റ വാങ്ങി 1400 രൂപ യ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.. (Invoice No.100400016711/10.02.23))

സഹകരണ സംഘങ്ങൾ (കായപനച്ചി ക്ഷീര സഹകരണ സംഘം ഒഴികെ) കാലിത്തീറ്റ വാങ്ങിയ വിലയേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും ആ ഉയർന്ന നിരക്കിന് ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ അധികനിരക്കിന് പഞ്ചായത്ത് സബ്സിഡി നൽകിയ തുകയായ 14,620 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-18 ഐ.എ.വൈ ലോൺ തിരിച്ചടവ് - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

പ്രൊജക്ട് നമ്പർ - 159/22-23

നിർവ്വഹണം - സെക്രട്ടറി

| തുക | ബിൽ സാങ്ഷൻ നമ്പർ, തിയതി |
|---|---|
| 4,00,000 | 70/13.09.22 |
| 69,842 | 138/16.12.22 |

ഐ.എ.വൈ പദ്ധതിയ്ക്കായി 2013 ൽ പുറമേരി സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയിനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും തിരിച്ചടക്കുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.09.22 ലെ സ.ഉ(സാ.ധാ) 2285/2022/lsgd നമ്പർ ഉത്തരവ് പ്രകാരം, തൂണേരി ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് ലോൺ ഇനത്തിൽ തിരിച്ചടക്കാനുള്ള 3,96,414/- രൂപയും ആയതിന്റെ പലിശയും ഐ.എ.വൈ ഭവന പദ്ധതിയുടെ അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും തിരിച്ചടവാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ പലിശയുൾപ്പടെ 4,69,842/- രൂപ ഈയിനത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ലോൺ തിരിച്ചടവിനായി സർക്കാർ അനുമതി തേടിയത് 3,96,414/- രൂപയ്ക്കും 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് 3,28,033/- രൂപയുമാണ്. നിജസ്ഥിതി പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ തിരിച്ചടക്കാനുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മേഖലാ ചുമതല ലംഘിച്ച് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - അപാകതകൾ

**നിർവ്വഹണം - സി.ഡി.പി.ഒ**

തൻ വർഷം സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി സ്കൂളുകളിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I) പ്രൊജക്ട് നമ്പർ - 53/22-23 (**സ്കൂളുകളിൽ**)

ചെലവു തുക - 3,56,317(ബിൽ നമ്പർ 427/28.03.23)

1,94,712 (ബിൽ നമ്പർ 431/28.03.23)

==========

ആകെ 5,51,029

സർക്കാർ/എയിഡഡ് സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം റെയ്ഡ്കോയിൽ നിന്നും 11 യൂണിറ്റ് നാപ്കിൻ ബേണിങ് മെഷീനുകൾ ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 32,392.45/- രൂപ നിരക്കിൽ ആകെ 356317/- രൂപയ്ക്കും: കേരള വനിതാ വികസന

കോർപ്പറേഷനിൽ നിന്നും 07 യൂണിറ്റുകൾ ഒരു യൂണിറ്റിന് 27,816/- നിരക്കിൽ 1,97,412/- രൂപയ്ക്കും ആകെ 18 എണ്ണം വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.4.6 പ്രകാരം ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലില്ല.

2. ഓഡിറ്റിന്റെ ഭാഗമായി മെഷീൻ സ്ഥാപിച്ച എം.ഐ.എം. ഹയർസെക്കന്ററി സ്കൂൾ,പേരോട് സന്ദർശിച്ചതിൽ സ്കൂൾ അവധിയായതിനാൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിച്ച് കാണാനായില്ല. എന്നാൽ ഒരേ തരത്തിലുള്ള രണ്ട് ഇൻസിനറേറ്റർ സ്ഥാപിച്ചതായി കണ്ടു. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചത് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. തുടർന്ന് സ്കൂളിലെ അധ്യാപികയുമായി നേരിട്ട് ഫോണിൽ ബന്ധപ്പെട്ടതിൽ, ഇൻസിനറേറ്റർ ഇതുവരെ പ്രവർത്തിപ്പിക്കാനായിട്ടില്ല എന്നറിയിച്ചു.

3. സ്ഥാപനവുമായി (റെയ്ഡ്കോ) ചമച്ച എഗ്രിമെന്റിൽ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മെഷീനുകളുടെ വാറന്റി സംബന്ധിച്ചോ മെയിന്റനൻസ് സംബന്ധിച്ചോ ഉള്ള വ്യവസ്ഥകൾ പരാമർശിച്ചിട്ടില്ല. കേരള വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടില്ല. മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കണം എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

4. ഇൻസിനറേറ്ററുകളുടെ വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ രൂപീകരിച്ചിട്ടില്ല. 06.10.22 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിങ്ങിൽ ഗവ.അംഗീകൃത അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങുന്നതിന് തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി വാങ്ങിയതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

5. യു.പി സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും (വളയം ഗ്രാമപഞ്ചായത്ത് ഒഴികെ) പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ജില്ലാപഞ്ചായത്തിനോട് അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും അനുമതി നൽകിയതായി കാണുന്നില്ല.

5. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം മെഷീനികളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.ടി.എയുമായി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ് എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

II) പ്രൊജക്ട് നമ്പർ 107/22-23 (**ഘടക സ്ഥാപനങ്ങളിൽ**)

ചെലവു തുക 2,76,277(ബിൽ നമ്പർ 428/28.03.23)

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി റെയ്ഡ്കോയിൽ നിന്നും 3 യൂണിറ്റുകൾ, ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 32,392.45/- രൂപ നിരക്കിൽ 97177.24/- രൂപയ്ക്കും, 6 യൂണിറ്റുകൾ, ജി.എസ്.ടി ഉൾപ്പടെ ഒരു യൂണിറ്റിന് 29849.83/- രൂപ നിരക്കിൽ 1,79,099/- രൂപയ്ക്കും ഉൾപ്പടെ 9 എണ്ണം 2,76,277/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഇതിൽ ഓഡിറ്റിന്റെ ഭാഗമായി 07.12.23 ന് നടത്തിയ നേരിട്ടുള്ള പരിശോധനയിൽ, ഇരിങ്ങണ്ണൂർ സാനിട്ടറി മാർട്ടിന് (ടേക്ക് എ ബ്രേക്ക്) അനുവദിച്ച മെഷീൻ, ഉപയോഗിക്കാത്ത കെട്ടിടത്തിൽ ഫിറ്റ് ചെയ്തതായി കണ്ടു. മെഷീന് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വളയം സി.എച്ച്.സി.ക്ക് നൽകിയ മെഷീൻ കണക്ട് ചെയ്യാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത പൊട്ടിപൊളിഞ്ഞ ടോയ്ലറ്റിലാണ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. വാങ്ങിയ 9 യൂണിറ്റുകളിൽ അന്വേഷണം നടത്തിയ മൂന്നും ഉപയോഗിക്കാത്ത അവസ്ഥയിലാണ്. റെയിഡ്കോയുമായി എഗ്രിമെന്റ് വെയ്ക്കുകയോ എ.എം.സി വെയ്ക്കുകയോ ചെയ്തിട്ടില്ല. രണ്ട് പ്രൊജക്ടുകൾക്കും (സ്കൂളുകളിലും ഘടക സ്ഥാപനങ്ങളിലും) തുക ചെലവഴിച്ചതല്ലാതെ പദ്ധതിയുടെ

ആത്യന്തിക ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. മെഷീനുകൾ വാങ്ങി സ്ഥാപിച്ചതല്ലാതെ ഉപയോഗപ്പെടുത്തുന്നുണ്ടോ/ ഉപയോഗക്ഷമമാണോ എന്ന പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥയും തുടർ മോണിറ്ററിങ് ഉറപ്പുവരുത്തേണ്ട കമ്മിറ്റി, കമ്മിറ്റിയുടെ ഉത്തരവാദിത്തവും നിറവേറ്റിയിട്ടില്ല. ജില്ലാപഞ്ചായത്ത് ഇതേ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാൽ ഇത്തരം പദ്ധതികൾ ആവർത്തനം ആകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുമില്ല. (എം.ഐ.എം. ഹയർസെക്കന്ററി സ്കൂൾ, പേരോട് എന്ന സ്ഥാപനത്തിന് ഒരു മെഷീനാണ് ഫയൽ പ്രകാരം അനുവദിച്ചതായി കാണുന്നത്. എന്നാൽ പരിശോധനയിൽ രണ്ടെണ്ണം കാണാൻ കഴിഞ്ഞു.) ഒരേ സമയം 25 മുതൽ 30 വരെ നാപ്കിനുകൾ ബേൺ ചെയ്യുന്ന മെഷീൻ ഒന്നിന് 29,849/-രൂപ നിരക്കിലാണ് 6 എണ്ണം റെയ്ഡ്കോയിൽ നിന്നും വാങ്ങിയത്. എന്നാൽ പ്രോജക്ട് നം. 53/23പ്രകാരം ഇതേ മെഷീൻ 27,816/-രൂപ നിരക്കിലാണ് വനിതാ വികസന കോർപ്പറേഷനിൽ നിന്നും വാങ്ങിയത്. ആയതിനാൽ 12,198/-രൂപ (29,849-27,816=2033X6) ഈ ഇനത്തിൽ അധികം ചെലവായിട്ടുണ്ട്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരിക ഈടാക്കേണ്ടതാണ്. ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മാത്രം ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 14/ 22-23 തിയിതി 08.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച മുഴുവൻ യൂണിറ്റുകളും നേരിൽ പരിശോധിച്ച് പ്രവർത്തന ക്ഷമമാണെന്നും ഉപയോഗപ്പെടുത്തുന്നു എന്നും ഉറപ്പ് വരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 8,15,108/- രൂപ (5,51,029+2,64,079) (നിരാകരിച്ച 12,198/-രൂപ ഒഴികെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 04.12.2023 മുതൽ 11.12.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1,40,000 | പി.എം.എ.വൈ.ആവാസ് ഭവനം പട്ടികജാതി 2022-23 | 1,40,000 | 0 |
| | 2022-23 | 13,30,000 | പി.എം.എ.വൈ.ആവാസ് പ്ലസ് ഭവനം ജനറൽ2022-23 | 13,30,000 | 0 |
| | 2022-23 | 2,10,000 | ലൈഫ് പി.എം.എ.വൈ ഭവനം പട്ടികവർഗ്ഗം 2022-23 | 2,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,96,000 | പി.എം.എ.വൈ.ആവാസ് ഭവനം പട്ടികജാതി 2022-23 | 1,96,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 45,33,600 | പി.എം.എ.വൈ.ആവാസ് പ്ലസ് ഭവനം ജനറൽ2022-23 | 45,33,600 | 0 |
| | 2022-23 | 2,60,000 | ലൈഫ് പി.എം.എ.വൈ ഭവനം പട്ടികവർഗ്ഗം 2022-23 | 2,60,000 | 0 |
| | ആകെ | 66,69,600 | | 66,69,600 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതി-വായ്പ | ജി.ഒ (എം.എസ്) നം-90/2013 എൽ.എസ്. ജി.ഡി തീയതി-14.10.2013 | | 328033 | 396414 | | 0 |

(കുറിപ്പ് -വായ്പ ഇനത്തിൽ അടവാക്കിയ തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.)

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | ഉണേരി മൃഗാശുപത്രി | 1)ഫൈനൽ ബിൽ ഓഡിറ്റിന് |

| | | | | | |
|---|---|---|---|---|---|
| | | | | ക്വാർട്ടേഴ്സ് | നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.5.348 | റോഡുകളുടെ ചുമതലാ വിഭജനം | പരാമർശം നിലനില്ക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,40,28,628.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,61,53,049.50 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,198 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,96,478 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 12198 | ശ്രീമതി.ഗീത.എം.ജി, സി.ഡി.പി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-14 | 8,15108 | ഗീത എം.ജി ,സി.ഡി.പി.ഒ. |
| 1-15 | 1,43,750 | ദേവികാരാജ്.ടി.ആർ, സെക്രട്ടറി |
| 1-16 | 21,23,000 | ജയപ്രകാശ്.പി.കെ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-17 | 14,620 | സുനിഷ.ഇ.കെ.,ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗീത .എം.ജി.,സി.ഡി.പി.ഒ. | സി.ഡി.പി.ഒ., കൊല്ലങ്കോട് | ഗിരീഷ് ഭവനം പാറക്കര തട്ടയിൽ പത്തനംതിട്ട 691525 |
| ദേവികാരാജ്.ടി.ആർ, സെക്രട്ടറി, | സെക്രട്ടറി,തൂണേരി ബ്ലോക്ക് പഞ്ചായത്ത് | പാലക്കുളങ്ങര, വടക്ക് ആയിക്കുന്ന് (പോസ്റ്റ്) ശാസ്താംകോട്ട, കൊല്ലം-590521 |
| സുനിഷ.ഇ.കെ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, തൂണേരി ബ്ലോക്ക് പഞ്ചായത്ത് | ഇളംവളപ്പിൽ ഹൌസ് നെടുംപറമ്പ പോസ്റ്റ് കല്ലാച്ചി-673506 |
| ജയപ്രകാശ് പി.കെ,ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ശ്രീമയം, കീച്ചേരിക്കുന്ന്, പാപ്പിനിശ്ശേരി, കണ്ണൂർ-670561 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി.8/643/2022/19.05.2022 | 38, | 1 |
| 2001-02 (ചെലവ്) | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(2)/18.12.2021 | 9 | 1 |
| 2001-02 – വരവ് | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(6)/ 22.05.2018 | 8(5),10 | 2 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/643/2012(9)/20.05.22 | 1-10, 3-4 | 2 |

| | | | |
|---|---|---|---|
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/643/2022(10)/20.05.2022 | 1-1, 1-2, 1-4 | 3 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/2040/2022/20.04.23 | 1-1, 1-10, 1-11, 1-13, | 4 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി8/2041/2022/26.04.23 | 1-7(1), 1-9, 1-11, 1-13, | 4 |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി.പി8/423<br>/2023/26.07.23/04.09.23 | 1-1,1-2,1-4-1,1-5,1-6,1-8<br>മുതൽ 1-16<br>വരെ,3-1,4-8,4-11 | 17 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 04/1 dated 01-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Tuneri Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tuneri Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Tuneri Block Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.Mandatory financial statements-Basic ratios prescribed in accounting rules are not submitted-
2.Cash flow statement -Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Advace Register not maintained properly.
4.Loan Register and Deposit Register not maintained
5.Monthly bank reconciliation statement is not prepared
6.Closing balance of CFC in AFS is not match with that of ACR
7.Development fund General- Expenditure in ACR is not match with AFS
8.Opening balance of CFC does not match with closing balance of the previous year

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്